# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2883** **10.03.2017-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യബന്ധന മേഖല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യബന്ധന മേഖല വികസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ; | എ) ഉൾനാടൻ മത്സ്യബന്ധന മേഖല വികസിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) സംസ്ഥാനത്തെ മത്സ്യമേഖലയിൽ ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ പങ്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ? | ബി) സംസ്ഥാനത്ത് 2015-16 വർഷത്തിൽആകെ മത്സ്യോൽപാദനം 7.28 ലക്ഷം മെട്രിക് ടൺ ആണ്. ഇതിൽ 2.11 ലക്ഷം മെട്രിക്ടൺ മത്സ്യം ലഭ്യമായിരിക്കുന്നത് ഉൾനാടൻ മേഖലയിൽ നിന്നാണ്. അതിൽ 1.71 ലക്ഷം മെട്രിക് ടൺ മത്സ്യം ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ നിന്നും ലഭിച്ചതായി കണക്കാക്കുന്നു. 0.404 ലക്ഷം മെട്രിക് ടൺ മത്സ്യകൃഷി മേഖലയിൽ നിന്നുമാണ്. |

**സെക്ഷൻ ആഫീസർ**

**അനുബന്ധം**

കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യബന്ധനമേഖല വികസിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. **പൊതു ജലാശയങ്ങളിലെ മത്സ്യക്കുഞ്ഞുനിക്ഷേപം പദ്ധതി:-**

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനുമായി ഫിഷറീസ് വകുപ്പ് നേരിട്ട് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ പൊതുജലാശയങ്ങളിൽ ഗുണമേന്മയുള്ള മത്സ്യവിത്തുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു ണ്ട്. ജില്ലാ ആഫീസുകൾ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്വത്തോടെ നടപ്പിലാക്കിവരുന്ന ടി പദ്ധതിയ്ക്കായി 2016-17 ൽ 102.34678 ലക്ഷം രൂപ 14 ജില്ലകൾക്ക് കാർപ്പുകൾ, പൂമീൻ, കണമ്പ്, തിരുത, കരിമീൻ, ആറ്റുകൊഞ്ച് എന്നീ തദ്ദേശീയ ഇനത്തിൽപ്പെട്ട മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി അനുവദിച്ചു നൽകിയിട്ടു ണ്ട്. മത്സ്യസമൃദ്ധി II പദ്ധതി വഴിയും 14 ജില്ലാ ആഫീസുകൾ മുഖേന പൊതു ജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ/കൊഞ്ചു നിക്ഷേപം നടത്തി വരുന്നു. മത്സ്യസമൃദ്ധി II പദ്ധതിയിലൂടെ 14 ജില്ലകൾക്ക് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപ വിവിധ ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ (കട്‌ല, രോഹു, മൃഗാൾ, സൈപ്രിനസ്, കരിമീൻ, പൂമീൻ, ആറ്റുകൊഞ്ച്, ചെമ്മീൻ തുടങ്ങിയവ) സംസ്ഥാനത്തെ വിവിധ പൊതുജലാശയങ്ങളിലായി നിക്ഷേപിച്ചിട്ടു ണ്ട്.

2. **വേമ്പനാട്ട് കായലിലെ കറുത്ത കക്ക പുനരുജ്ജീവനപദ്ധതി :**

ടി പദ്ധതി പ്രകാരം വേമ്പനാട്ട് കായലിലെ തെക്കൻ പ്രദേശങ്ങളിൽ ശോഷണം നേരിടുന്ന കറുത്ത കക്ക പ്രസ്തുത കായലിന്റെ വടക്കുഭാഗത്തായി ധാരാളമായി വളരുന്ന ഭാഗത്തുനിന്നും മല്ലികക്ക (ചെറിയകക്ക) ശേഖരിച്ച് നിക്ഷേപിച്ച് വളർത്തിയെടുക്കുന്നതിനും അതുവഴി കക്ക ലഭ്യത ഉറപ്പുവരു ത്തി ഇതുമായി ബന്ധപ്പെട്ട് ഉപജിവനം നടത്തുന്ന ഒട്ടനവധി മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ഉ ണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയ്ക്കായി 3 വർഷത്തേയ്ക്കായി 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 2016-17 ൽ 16.37 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടു ണ്ട്.

3. **അഷ്ടമുടി കായലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള പദ്ധതി:**

അഷ്ടമുടി കായലിലെ മത്സ്യവിഭവ സംരക്ഷണം ഉദ്ദേശിച്ച് നടപ്പിലാക്കുന്ന 3 വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയ്ക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ണ്ട്. ടി പദ്ധതിപ്രകാരം അഷ്ടമുടി കായലിലെ വാണിജ്യപ്രാധാന്യമുള്ള തദ്ദേശീയ മത്സ്യങ്ങൾ, ഞ ണ്ട്, കൊഞ്ച് എന്നിവയുടെ സംരക്ഷണം, മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുക, അഷ്ടമുടി കായലിലെ ഫിഷ് ലാന്റിംഗിന്റെ സെന്ററുകളിൽ മത്സ്യലഭ്യത സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്നിവയാണ് ടി പദ്ധതികൊ ണ്ട് ഉദ്ദേശിക്കുന്നത്.

4. ഫിഷറീസ് വകുപ്പ് ഏജൻസികളായ ഫിർമ, അഡാക്ക് എന്നിവ മുഖേന ഉൾനാടൻ മത്സ്യ സമ്പത്ത് സംരക്ഷണം, പരിപാലനം എന്നിവ യ്ക്കായി മത്സ്യസങ്കേതങ്ങൾ സംസ്ഥാനത്തെ വിവധ ഉൾനാടൻ ജലാശയങ്ങളിൽ സ്ഥാപിച്ചിട്ടു ണ്ട്. ഫിർമ മുഖേന നാളിതുവരെ സംസ്ഥാനത്ത് 7 മത്സ്യസങ്കേതങ്ങൾ പൂർത്തിയാക്കിയിട്ടു ണ്ട്. കൂടാതെ അഡാക്ക് മുഖാന്തിരം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പാതിരാമണലിലും തിരുവന ന്തപുരത്ത് വെള്ളായണികായലിലും മത്സ്യസങ്കേതങ്ങൾ സ്ഥാപിച്ചിട്ടു ണ്ട്.

സെക്ഷൻ ആഫീസർ